LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളത്തിന്റെ ഭൂവിസ്തൃതിയും നിലവിലുള്ള റോഡ് റെയിൽ ഗതാഗത സൗകര്യങ്ങൾ ആവശ്യാനുസരണം ഇനിയും വികസിപ്പിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിന് സ്ഥലദൗർലഭ്യവും ഭീമമായ സ്ഥലവിലയും ഉൾപ്പെടെയുള്ള പരിമിതികൾ കണക്കിലെടുത്തും രാജ്യത്തിന്റെ സാമ്പത്തിക പുരോഗതി ഉദ്ദേശിക്കുന്ന വളർച്ച കൈവരിക്കാൻ സംസ്ഥാനത്തിനുള്ളിൽ ആകാശമാർഗ്ഗേന കൂടുതൽ ഗതാഗത സൗകര്യം ഏർപ്പെടുത്താണമെന്ന കേന്ദ്രസർക്കാരിന്റെ നയത്തിനനുസൃതമായും സംസ്ഥാനത്തിനകത്തും പുറത്തേക്കും കൂടുതൽ വിമാന സർവ്വീസ് ഏർപ്പെടുത്തുന്നതിന് പുതിയ വിമാനത്താവളങ്ങൾ, എയർസ്ട്രിപ്പുകൾ, സ്ഥിരമായി ഹെലിപോർട്ടുകൾ എന്നിവ നിർമ്മിക്കുന്ന കാര്യം സംസ്ഥാന സർക്കാരിന്റെ പരിഗണനയിലുണ്ട്. അതിന്റെ ഭാഗമായി കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണം 2015 ഡിസംബറിൽ പരീക്ഷണപ്പറക്കൽ നടത്താൻ ലക്ഷ്യമിട്ട് പുരോഗമിക്കുന്നു. കൂടാതെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും എയർസ്ട്രിപ്പുകൾ സ്ഥാപിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചെങ്കിലും ഒരു വിമാനത്താവളത്തിന് ആവശ്യമായ 300 മുതൽ 500 വരെ ഏക്കർ ഭൂമി ജില്ലകളുടെ ഹൃദയഭാഗത്തു തന്നെ കണ്ടെത്താൻ സാധിക്കാത്തതിനാൽ ഏകദേശം മൂന്ന് മുതൽ അഞ്ച് ഏക്കർവരെ മാത്രം ഭൂമി ആവശ്യമുള്ള സ്ഥിരം ഹെലിപോർട്ടുകൾ സ്ഥാപിക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

(ബി) വ്യവസായ വകുപ്പിൽ നിന്നും ജി.ഒ.(ആർ.റ്റി)നമ്പർ1262/10/വ്യ.വ. തീയതി 8-9-2010 പ്രകാരം ആറന്മുള വിമാനത്താവള പദ്ധതിക്ക് നിലവിലുള്ള നിയമവ്യവസ്ഥകൾക്ക് വിധേയമായി മാത്രം തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ആയതിനാൽ പ്രത്യേക പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

തൊഴിൽ നഷ്ടപ്പെട്ട കരിപ്പൂർ വിമാനത്താവളത്തിലെ പ്രദേശവാസികൾ

116 (7679) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരിപ്പൂർ വിമാനത്താവളത്തിൽ കരാർജോലികളിൽ ഏർപ്പെട്ടിരുന്ന പ്രദേശവാസികൾക്ക്, പുതിയ കമ്പനി കരാർ ഏറ്റെടുത്തതുമൂലം തൊഴിൽ നഷ്ടമായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വർഷങ്ങളായി അവിടെ തൊഴിൽ ചെയ്യുന്ന പ്രദേശവാസികൾക്ക് അവിടെത്തന്നെ തൊഴിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) തൊഴിൽ നഷ്ടമായവർക്ക് അവ പുനഃസ്ഥാപിച്ചു കിട്ടുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഇക്കാര്യം എയർപോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെയും എയർ ഇന്ത്യയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.